# മതതീവ്രവാദം എന്ന ശാപം

തോമസ് കളത്തൂർ

ദിശാബോധം നഷ്ടപ്പെട്ട മതങ്ങളേ! പൗരോഹിത്യമേ! ഇന്ന് നിങ്ങൾ എവിടെ എത്തിയിരിക്കുന്നു എന്ന് ചിന്തിക്കാൻ സമയം അതിക്രമിച്ചിരിക്കുന്നു. ധാർമ്മികതയുടെ കാവൽക്കാർ എന്നവകാശപ്പെടുന്ന നിങ്ങളിൽ പലരും കൈക്കൂലി, കള്ളത്തരം മുതൽ അസഭ്യവർഷവും അതിക്രമങ്ങളും വരെ പരിപോഷിപ്പിക്കുകയാണ്. ഇത് ദയനീയമാണ്. സമൂഹത്തിന് അനുഗ്രഹമാകേണ്ടവർ ശാപമായി മാറുകയാണ്. ലോകത്തെ നന്നാക്കാനായി പിരിവെടുത്ത് സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ നേഴ്സറി മുതൽ മെഡിക്കൽ കോളേജ് വരെ ഇന്ന് ലക്ഷങ്ങളുടെ കൈക്കൂലി ആവശ്യപ്പെടുന്നു ജോലിക്കായും പ്രവേശനത്തിനായും. അഴിമതിയുടെ കഥയല്ല, മതമൗലീകതയുടെ, മതതീവ്രവാദത്തിന്റെ, ഉച്ഛനീചത്വം ഒരു പെൺകുട്ടിയുടെ കൊലപാതകത്തി നിരയാക്കിയ സംഭവമാണ് ചിന്തകളെ പിടിച്ച് കുലുക്കിയത്.

താഴ്ന്ന ജാതിക്കാരനെ–അന്യമതക്കാരനെവിവാഹം ചെയ്യാൻ ഉറച്ച 'ആതിര' എന്ന പെൺകുട്ടിയെ സ്വന്തം പിതാവ് കുത്തിക്കൊന്ന വാർത്ത മതത്തിന്റെയും പൗരോഹിത്യത്തിന്റെയും നേരെ വിരൽചൂണ്ടുന്നു. ഈ ജാതിമത വിശ്വാസങ്ങൾ വച്ചുപുലർത്തേണ്ടത് നിങ്ങളുടെ ആവശ്യമാണല്ലോ. കാരണം നിങ്ങളുടെ ആധിപത്യം സൂക്ഷിക്കണം. അധികാര സമ്പത്തിനെഅവകാശമാക്കുന്നു. ലളിത ജീവിതം പ്രസംഗിച്ച് സമർത്ഥ ജീവിതം നയിക്കാം. വിഭജിച്ച് ഭരിക്കുകയാണ് എളുപ്പം. സ്വർഗ്ഗവും നരകവും പുനർജന്മവുമൊക്കെ "ഉമ്മാക്കികളാക്കി" പാവം വിശ്വാസികളെ മുതലെടുക്കുന്നത് നിർത്തണം. അവരെ "ഒരു നല്ല ദൈവത്തിൽ" നിന്ന് അകറ്റി നിർത്തുകയാണ് നിങ്ങളുടെ സ്വാർത്ഥതക്കുവേണ്ടി. സ്നേഹവാനായ ദൈവത്തെ ക്രൂരനായി അവതരിപ്പിച്ച് വിശ്വാസികളെ കൊള്ളയടിക്കുന്നത് നിർത്തിവെയ്ക്കുക. ദൈവം സ്നേഹമാകുന്നു എന്നും, "വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയിൽ വലിയതോ സ്നേഹം തന്നെ" എന്നും "സ്നേഹമാണഖിലസാരമൂഴിയിൽ" എന്നും പഠിപ്പിക്കുന്ന നിങ്ങൾക്ക്, ഭിന്ന മതങ്ങളിൽ ജനിച്ചു പോയ കുറ്റത്തിന്, പ്രേമഭാജനങ്ങളിലൊന്നിനെവകവരുത്താൻ പോന്ന "മതതീവ്രത"/മതവൈരം എങ്ങനെഉണ്ടാക്കാൻ കഴിയുന്നു. ഈ രൗദ്രതയെ, ഭീകരതയെ കെടുത്താൻ ശ്രമിച്ചിട്ടുണ്ടോ? വാല്മീകി "മാനിഷാദാ... എന്ന് പാടിയത് നിങ്ങളോടാണ്. നിങ്ങളതു ശ്രദ്ധിക്കാഞ്ഞതിനാൽ "വയലാർ" വീണ്ടും പാടി, എത്രയോ പേർ അത് ആവർത്തിച്ചു പാടുന്നു. അധികാര സാമ്പത്തിക ഭ്രമത്തിൽ നിങ്ങൾ കുരുടരായും ചെകിടരായും നടിക്കുന്നു. കണ്ണു തുറക്കൂ! ജാതിയുടേയും മതത്തിന്റെയും പേരിലുള്ള ഈ രക്തച്ചൊരിച്ചിൽ അവസാനിപ്പിക്കൂ!

വിശ്വാസികൾ ഉണരേണ്ട സമയമായി. നമുക്ക് ദൈവവിശ്വാസമാണ് ആവശ്യം, മതവിശ്വാസമല്ല. മനുഷ്യരിൽ ദൈവത്വം കല്പിക്കരുത്. മതവും അതിന്റെ വിശ്വാസവും വിറ്റു ജീവിക്കുന്നവരെ മനസ്സിലാക്കണം. ഏതൊരു കച്ചവടക്കാരനും തന്റെ ഉല്പന്നങ്ങൾ മഹത്തരമാണെന്നും, മറ്റെല്ലാ ഉല്പന്നങ്ങളും നിലവാരം കുറഞ്ഞതാണെന്നും പറയും. അത് സാമ്പത്തിക നേട്ടത്തിന്റെ ഒരാവശ്യമാണ്. വാങ്ങുന്നവരാണ് സൂക്ഷ്മമായി പഠിച്ച് തുലനം ചെയ്തു തീരുമാനിക്കേണ്ടത്. അതിന് മറ്റുല്പന്നങ്ങളെ കൂടെ പഠിക്കുന്നത് നന്നായിരിക്കും. അങ്ങനെമറ്റു മതങ്ങളെക്കൂടി ബഹുമാനിക്കാനും സഹകരിക്കാനും അവസരമാകും. വീണ്ടും ഓർമ്മപ്പെടുത്തുന്നു, മതാത്മകതയും ആത്മീകതയും രണ്ടും രണ്ടാണ്.

ഇന്ന് രാഷ്ട്രീയവും മതവും അഴിമതി നടത്തുന്നതിൽ മത്സരിക്കുകയാണ്. അതിനാൽ ഗവൺമെന്റ് തലത്തിൽ അസമത്വങ്ങൾക്കും അനീതികൾക്കും എതിരെ കാര്യമായ നടപടികൾ പ്രതീക്ഷിക്കേണ്ടതില്ല. ഇന്ന് ഇന്ത്യ ആകമാനം മതഭ്രാന്തിന്റെ തീവ്രതയിലാണ്. മതം എങ്ങനെമനുഷ്യത്വത്തെപോലും നശിപ്പിക്കുന്നു എന്ന് വാർത്തകൾ കാണിച്ചുതരുന്നു. ഈ ദു:സ്ഥിതിയിൽ നിന്നും സമൂഹത്തെ രക്ഷിക്കാൻ ആരൊക്കെ ചിന്തിക്കുന്നു? എന്തൊക്കെ ഉപാധികൾ കണ്ടുപിടിച്ചു? ഇതു സമൂഹപ്രജ്ഞയെത്തന്നെ പ്രതിസന്ധിയിലാക്കുന്നു. ഇന്ത്യാക്കാരിലും പ്രവാസികളിൽപ്പോലും മതമൗലീകത ശ്രദ്ധേയമാണ്. എങ്ങനെഇതിൽ “തട” ഇടാം? ഒരു ലക്ഷത്തിലധികം സ്കൂൾ കുട്ടികൾ, പ്രവേശനത്തിനുള്ള അപേക്ഷാഫാറത്തിലെ, ‘മതം’ എന്ന കോളം പൂരിപ്പിക്കാതെ വിട്ടു എന്നത് പ്രതീക്ഷയുണർത്തുന്നു. ഇനി ജനനമരണ വിവാഹ സർട്ടിഫിക്കറ്റുകൾ ഗവൺമെന്റ് തലത്തിൽ മാത്രമാക്കണം. രജിസ്റ്റർ കച്ചേരികളും പൊതു ശ്മശാനങ്ങളും ഇപ്പോൾ തന്നെ പ്രവർത്തിക്കുന്നുണ്ടല്ലോ. അവയെ കൂടുതലായി ആശ്രയിക്കാൻ യുവജനങ്ങളും സാമൂഹ്യ പ്രസ്ഥാനങ്ങളും പ്രോത്സാഹനം നല്കണം. എല്ലാ സ്ഥാപനങ്ങളും കച്ചവട സ്ഥാപനങ്ങളെപ്പോലെ തന്നെ നികുതിയടക്കണം. പള്ളിയെയോ അമ്പലത്തിനെയോ മോസ്കിനെയോ ധർമ്മ സ്ഥാപനങ്ങളെയോ നികുതി നിയമത്തിന് അതീതമാക്കരുത്. ഇവയെല്ലാം വിവരാവകാശ കമ്മീഷന്റെ കീഴിൽ കൊണ്ടുവരണം. അങ്ങനെധനസ്രോതസ്സ് ഉൾപ്പെടെയുള്ള സംശയങ്ങൾ ദൂരീകരിക്കാമല്ലോ.

മനുസ്മതൃതി മുതൽ നൂറ്റാണ്ടുകളിലൂടെ തുടർന്നു പോകുന്ന ഒരു ദുഷിപ്പാണ് “ജാതിമത ഉച്ചനീചത്വങ്ങൾ.” ലോകം ശാസ്ത്രീയമായും ബുദ്ധിപരമായും ഇത്ര വളർന്നിട്ടും, ഈ വിഭാഗീയതയെ താങ്ങി നിർത്തുന്നത് മതപൗരോഹിത്യങ്ങളാണ്. വെള്ളയും കാവിയും മഞ്ഞയും പച്ചയും അടയാളങ്ങളില്ലാത്തതും ഒക്കെ ഇതിൽപ്പെടുന്നു. മതമൗലീകത, മതവൈരമായി മനസ്സിലും രക്തത്തിലും കലർത്തിവെച്ചിരിക്കുകയാണ്. അധികാരത്തിലേറാൻ രാഷ്ട്രീയം മതങ്ങളെ കൂട്ടുപിടിക്കുന്നു. സമ്പത്തിക നേട്ടങ്ങളുണ്ടാക്കാൻ മതങ്ങൾ രാഷ്ട്രീയത്തെ ചേർത്തുപിടിക്കുന്നു. ഇവിടെ ധാർമ്മികതയോ പ്രത്യയശാസ്ത്രങ്ങളോ ഒന്നും പ്രശ്നമാകുന്നില്ല. മതവും രാഷ്ട്രീയവും സമ്പത്തിലേക്കും അധികാരത്തിലേക്കും ലക്ഷ്യം കേന്ദ്രീകരിക്കുമ്പോൾ അഴിമതിയും കൈക്കൂലിയും മൂല്യച്ച്യുതിയും ഉണ്ടാകുന്നു. ‘‘സമത്വ സുന്ദരം’’, “സ്വർഗ്ഗത്തിലെപ്പോലെ” എന്നീ ലക്ഷ്യങ്ങളിൽ നിന്നകന്നു പോകുന്നു. “മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ” മാത്രമായി മാറുന്നു, സുവിശേഷം. കൊടിയുടെ നിറത്തിലും രക്തസാക്ഷികളുടെ കഥകളിലും മാത്രമായി ഒതുങ്ങിപ്പോകുന്നു വേദോപദേശങ്ങൾ. അതിനാൽ വചനത്തിനും മാനിഫെസ്റ്റോയ്ക്കും പുതിയ നിർവ്വചനങ്ങൾ കണ്ടുപിടിച്ചേ മതിയാകൂ. ഈ വേഷപ്രച്ഛന്നത ഇനിയെങ്കിലും അവസാനിപ്പിക്കൂ! ലോകത്തെ രക്ഷിക്കൂ! ഭൂമിയെ രക്ഷിക്കൂ! ഇനി വളർന്നു വരുന്ന തലമുറയെങ്കിലും സ്നേഹത്തിലും സൗഹാർദ്ദത്തിലും വളരട്ടെ.

പ്രശസ്ത നോവലിസ്റ്റ് സക്കറിയ പറയും പോലെ “ജനസേവകർ” ജനത്തിന്റെ

യജമാനന്മാരല്ലാ, സേവകരാണ്. അതുപോലെ "ദൈവസേവകർ" എന്ന് സ്വയം അഭിമാനിക്കുന്നവർ ദൈവത്തിന്റെ യജമാനന്മാരോ ഉടമസ്ഥരോ അല്ല. മനുഷ്യൻ അന്യോന്യം സ്നേഹിക്കണം, ബഹുമാനിക്കണം. ഒരാൾ മറ്റേയാളേക്കാൾ ഉന്നതനെന്നു കണ്ടല്ലാ, സ്നേഹവും ബഹുമാനവും, കൊടുക്കേണ്ടത്. എന്നെപ്പോലെ തന്നെ മറ്റൊരാളും "ഈശ്വരാംശം" എന്നു കരുതിയാണ്. സംഘടിതമതങ്ങൾ ഗുരുക്കന്മാരുടെ സ്ഥാനങ്ങളിൽ സി.ഇ.ഓ.മാരേയും മാനേജരന്മാരേയും അവരോധിക്കുകയാണ് ചെയ്യുന്നത്. അവരിൽ പലരും സ്വയം ദൈവങ്ങളായി നടിക്കുന്നു. അങ്ങനെസംഘടിത മതങ്ങൾ പലപ്പോഴും "കച്ചവടവൽക്കരിക്കപ്പെടുന്ന ദു:സ്ഥിതി ഉണ്ടാകുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൈക്കൂലിയും ആതുര സേവനരംഗത്ത് അടിമപ്പണിയും, അനാവശ്യ ചികിത്സാ ചിലവുകൾ ചുമത്തിയുള്ള ധനസമ്പാദനവും നടക്കുന്നു. വിശ്വാസികളുടെ ഭയത്തേയും അന്ധവിശ്വാസങ്ങളേയും ചൂഷണം ചെയ്യുന്ന നേർച്ചകാഴ്ചകളും അവസാനിപ്പിക്കണം. മതങ്ങൾ സൗഹാർദ്ദത്തിലേക്ക് നീങ്ങണം. ഉപരിപ്ലവമാകാതെ മനുഷ്യത്വത്തിന് പ്രാധാന്യം നല്കണം. "മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു" എന്ന സിനിമാഗാനം എല്ലാവർക്കും അറിവുള്ളതാണല്ലോ. മതങ്ങൾ സ്വയം ആദർശശുദ്ധി നേടണം. അതിനുശേഷം രാഷ്ട്രത്തേയും രാഷ്ട്രീയത്തേയും ശുദ്ധീകരിക്കാനാവും. "ശാസ്ത്രം" തെറ്റുകൾ സമ്മതിക്കുന്നു. കാലികമായി വിശ്വാസങ്ങളിൽ തെറ്റുകൾ കടന്നു കൂടിയാൽ, അത് സമ്മതിക്കാനും തിരുത്താനുമുള്ള ഹൃദയവിശാലത അഥവാ ആർജ്ജവം, മതങ്ങളും കാണിക്കണം.

പുനർജനനങ്ങളും നവീകരണങ്ങളും അനേക തവണ നടന്നു കഴിഞ്ഞു. 18-ാം നൂറ്റാണ്ടിലെ ഫ്രഞ്ചു വിപ്ലത്തിനുശേഷം തങ്ങളുടെ വീഴ്ചകളെ മതം അഥവാ സഭ തിരിച്ചറിയേണ്ടതായിരുന്നു. നൂറ്റാണ്ടു കഴിഞ്ഞിട്ടും, റഷ്യയിലെ സാധാരണ ജനങ്ങൾ പട്ടിണിയിലും ദുരിതത്തിലും ആഴ്ന്നു പോകുമ്പോഴും, തെരുവുകളിൽ മുഴങ്ങുന്ന വിശപ്പിന്റെ ആർത്തനാദങ്ങളെ കേൾക്കുകയും കാണുകയും ചെയ്യാതെ, ചക്രവർത്തിയുടെ വിരുന്നിൽ പങ്കെടുക്കാൻ വിലകൂടിയ കുപ്പായങ്ങൾ തേടി നടന്ന പുരോഹിതർ റഷ്യൻ വിപ്ലവത്തിന്റെ തീജ്വാലയിൽ എരിയേണ്ടി വന്നു. ചരിത്രം മറന്നു കളയരുത്. ചരിത്രത്തിൽ നിന്ന് പാഠങ്ങൾ പഠിക്കേണ്ടതാണ്.

മനുഷ്യൻ ഇന്ന് കൂടുതൽ ബോധവാനാണ്. അവൻ ആധുനികതയിലേക്ക് കടന്നപ്പോൾ, "സത്യത്തെ" അന്വേഷിക്കാൻ ആരംഭിച്ചു. ഉത്തരാധുനികതയിൽ എത്തിയ മനുഷ്യൻ, കണ്ടുപിടിച്ച സത്യം എങ്ങനെസംഭവിച്ചു എന്നും അത് എങ്ങനെനിലനിന്നുപോകുന്നു എന്നും കൂടി അന്വേഷിക്കുന്നു. പരിസ്ഥിതി വിപത്തും ജീവശാസ്ത്രപരമായ നിലനില്പും ഒക്കെ മഥിയ്ക്കുന്ന മനസ്സുകളുടെ ഉടമകളായ മനുഷ്യർ സ്വസ്ഥതയും സമാധാനവും ആഗ്രഹിക്കുന്നു. സ്വയം മ‌യരായി തുടരാൻ അവർക്കു മനസ്സുമില്ലാ. മതങ്ങൾ സ്വരുക്കൂട്ടി വെച്ചിരിക്കുന്ന സമ്പാദ്യങ്ങൾ നന്മക്കായി ഉപയോഗിച്ചു കാണിക്കേണ്ട സമയമാണ്. വാങ്ങുന്ന സമയം കഴിഞ്ഞു. കൊടുക്കേണ്ട സമയമായി. അങ്ങനെദ്രവ്യാഗ്രഹവും അധികാര മോഹങ്ങളും ഉപേക്ഷിച്ച്, സാക്ഷാൽ ഈശ്വരൻ എന്ന ലക്ഷ്യത്തിലേക്ക് നോക്കാൻ സമയമായി. ലോകത്ത് സമാധാനവും സന്തോഷവും ഉണ്ടാകണം. മതം,

അതിന്റെ കെട്ടുകളെ അഴിച്ചു കളഞ്ഞ്, മനുഷ്യരെ സ്വതന്ത്രരാക്കൂ! ദൈവത്തെ സ്വതന്ത്രനാക്കൂ! ഞങ്ങൾക്ക് ഒരു ലോകമതമാണ് വേണ്ടത്, എല്ലാമതങ്ങളേയും ഉൾക്കൊള്ളുന്ന ഒന്ന് സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും മതം.